LIBRARY ARCHIVES Kerala Legislative Assembly

മുഴിയാൽ കുടിവെള്ള പദ്ധതി

241(2710) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറക്കടവ് പഞ്ചായത്തിന്റെ ആവശ്യത്തിനായി സ്ഥാപിച്ച മുഴിയാൽ പദ്ധതിയിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം സിയാൽ-ന് നൽകേണ്ടി വരുന്നതിനാൽ പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ഉപയോഗം പാറക്കടവ് പഞ്ചായത്തുകാർക്ക് ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി മുഴിയാലിൽ നിന്നും പുളിയനം ഉപരിതല സംഭരണിയിലേക്ക് തുടർച്ചയായി ശുദ്ധജല വിതരണം നടത്തുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തിക്കുവേണ്ട 31.60 ലക്ഷം രൂകയ്ക്ക് ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന മുറയ്ക്ക് പാറക്കടവിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നതാണ്.

കുന്നംകുളം ഗുരുവായൂർ വാട്ടർസപ്ലൈ സ്കീം

242(2711) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുന്നംകുളം ഗുരുവായൂർ വാട്ടർസപ്ലൈ സ്കീം (കെ.ജി.ഡബ്ല്യു.എസ്.എസ്.) -ന്റെ പാറേമ്പാടം മുതൽ വൈ.എം.സി.എ. ചിറളയം വരെയുള്ള കാലപ്പഴക്കം ചെന്ന 400 എം.എം. പ്രിമോ പൈപ്പ് മാറ്റി 400 എം.എം.ഡി. 1 കെ 9 പൈപ്പ് സ്ഥാപിക്കുന്നതിനായിട്ടുള്ള 3.16 കോടി രൂപയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടി പ്രവൃത്തിയുടെ ടെണ്ടറിന്റെ പ്രൈസ് ബിഡ് 16-11-2015-ൽ വാട്ടർ അതോറിറ്റി സർക്കിൾ ഓഫീസിൽ തുറക്കുകയും ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ടെണ്ടർ അംഗീകരിച്ചാലുടൻ വർക്ക് ഓർഡർ നൽകുന്നതാണ്.

ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ

243(2712) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേട്ട മൂന്നാം മനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കൺസൾട്ടിന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച ഡ്രെയിനേജ് പൈപ്പ് ലൈൻ ഉപയോഗശൂന്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചുള്ള സി ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വിശദീകരിക്കുമോ ;

(ഡി) മൂന്നാം മനയ്ക്കൽ റസിഡൻസ് അസോസിയേഷന്റെ അപേക്ഷയനുസരിച്ച് 350 മീറ്റർ ദൂരത്തിൽ സ്വീവേജ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ഫീസിബിലിറ്റി സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സമ്മർദ്ദം ചെലുത്തുമോ ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly